


# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Parish Unit, 5212 W. Agatite Ave, Chicago, IL 60630
April 4, 2010, Vol. 5, Issue 28
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


# ഈസ്റ്റർ മംഗളങ്ങൾ!



# Happy Easter!



Bishop Mar Jacob Angadiath
Main Celebrant for Good Friday.

## വിശുദ്ധവാര കർമ്മങ്ങൾ

**പെസഹാ വ്യാഴം** (ഏപ്രിൽ 1) വൈകുന്നേരം 6:30ന് മേവുഡ് പള്ളിയിലും രാത്രി 9:00 ന് കമ്മ്യൂണിറ്റി സെന്ററിലും കാലുകഴുകൽ ശുശ്രൂഷ, കുർബ്ബാന, പാന, അപ്പം മുറിക്കൽ.
പ്രസംഗം: മോൺ. ബിജു വയലുങ്കൽ
(രണ്ടിടത്തും പെസഹാ അപ്പവും പാലും കൊണ്ടുവന്നു സഹകരിക്കുമല്ലോ).

**ദുഃഖവെള്ളി** (ഏപ്രിൽ 2) സേക്രഡ് ഹാർട്ട് പള്ളിയും സെന്റ് മേരീസും സംയുക്തമായി രാവിലെ 10:00ന് മേവുഡ് പള്ളിയിൽ പീഡാനുഭവ ശുശ്രൂഷയും ആഘോഷമായ കുരിശിന്റെ വഴിയും കഞ്ഞിനേർച്ചയും.
**മുഖ്യ കാർമ്മികൻ: ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്.**

**ദുഃഖശനി:** (ഏപ്രിൽ 3) മേവുഡ് പള്ളിയിൽ രാവിലെ 10:00ന് ദുഃഖശനി ആചരണം: പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ് (തിരികളും, വിശുദ്ധ ജലം കൊണ്ടു പോകുവാൻ ചെറിയ പാത്രവും കൊണ്ടുവരുകയോ ആഗപ്പെ സ്റ്റോറിൽനിന്നു വാങ്ങിക്കുകയോ ചെയ്യാം).
ജ്ഞാനസ്നാന വ്രത നവീകരണം, കുർബ്ബാന.
പ്രസംഗം: മോൺ. ബിജു വയലുങ്കൽ

**ഈസ്റ്റർ കുർബ്ബാന** ഏപ്രിൽ 3നു വൈകുന്നേരം 7:00ന് മേവുഡ് പള്ളിയിൽ . (സ്നേഹവിരുന്ന് ഇല്ല).
സെന്റ് മേരീസ് യൂണിറ്റിന്റെ ഈസ്റ്റർ കുർബ്ബാന രാത്രി 11:00ന് നൈൽസിലെ 8307 നോർത്ത് ഹാർലം അവന്യൂവിലുള്ള സെന്റ് ജോൺസ് പള്ളിയിൽ.
പ്രസംഗം: മോൺ. ബിജു വയലുങ്കൽ

**ഉയിർപ്പു ഞായർ** (ഏപ്രിൽ 4) രാവിലെ 10:00 ന് മേവുഡ് പള്ളിയിൽ ദിവ്യബലി.







## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:40 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

April 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | |

# Schedule of Events

### HOLY THURSDAY, APRIL 1, 2010

Passover at Maywood with washing of feet at 6:30 P.M.
കുർബ്ബാനയെ തുടർന്ന് ഹാളിൽ അപ്പം മുറിക്കൽ.

Passover at Community Center with washing of feet at 9:00 P.M. കുർബ്ബാനയെ തുടർന്ന് അപ്പം മുറിക്കൽ.

### GOOD FRIDAY, APRIL 2, 2009

Combined Good Friday Service of Sacred Heart Church and St. Mary's Unit at Maywood church at 10:00 A.M. followed by procession around the block.
Main Celebrant and message by Bishop Mar Jacob Angadiath.
തുടർന്നു കഞ്ഞി നേർച്ച.

No mass today.

### HOLY SATURDAY, APRIL 3, 2009

Holy Saturday Service with blessing of fire, water, renewal of baptismal promises and Holy Mass.
(തിരികളും, വിശുദ്ധ ജലം കൊണ്ടു പോകുവാൻ ചെറിയ പാത്രവും കൊണ്ടുവരുകയോ ആഗപ്പെ സ്റ്റോറിൽനിന്നു വാങ്ങിക്കുകയോ ചെയ്യാം).
ഉയിർപ്പു തിരുന്നാളിന് ഒരുക്കം.

Easter Mass at 7:00 P.M. at Maywood church.
Easter Mass for St. Mary's Unit at 11:00 P.M. at St. John's Church 8307 N. Harlem Ave., Niles.

### EASTER, APRIL 4, 2009

രാവിലെ 10:00 ന് ഇടവക പള്ളിയിൽ ദിവ്യബലി.
No Religious Education Classes today.
No evening Mass at OLV today.

### THURSDAY, APRIL 8, 2010

Holy Mass and novena at Community Center at 7:00 P.M.

### FRIDAY, APRIL 9, 2010

Holy Mass at Maywood at 7:00 P.M.

### SATURDAY, APRIL 10, 2010

Holy Mass and novena at Maywood at 10:00 A.M.

### DEVINE MERCY SUNDAY, APRIL 11, 2010

പുതു ഞായർ

Holy Mass at Maywood at 10:00 A.M.
Religious Education Class at Maywood at 10:00 A.M.
English Mass at Maywood at 11:40 A.M.
Career Guidance Seminar at Maywood after 10:00 A.M. Mass by Yuvajana Vedi.
Religious Education Class at OLV at 3:45 P.M.
Holy Mass at OLV Church at 5:30 P.M.

### THURSDAY, APRIL 15, 2010

Holy Mass and novena at Community Center at 7:00 P.M.

### FRIDAY, APRIL 16, 2010

Holy Mass and novena of St. Michael at Maywood at 7:00 P.M.

### SATURDAY, APRIL 17, 2010

Holy Mass and novena at Maywood at 10:00 A.M.
St. Stephen Koodara yogam at 451 Plainfield Rd., Darien sponsored by Laison Changumoolayil at 7:00 P.M.

### SUNDAY, APRIL 18, 2010

Syro-Malankara Mass at Maywood at 8:30 A.M.
Holy Mass at Maywood at 10:00 A.M.



# വികാരിയുടെ സന്ദേശം

## ചില യഹൂദ പ്രമാണിമാർ ഈശോയെ വെറുത്തത് എന്തുകൊണ്ട്?

എന്റെ പ്രിയ സഹോദരങ്ങളേ:

നന്മയെ സ്വീകരിക്കുകയും തിന്മയെ തള്ളുകയുമാണ് നാം സാധാരണ ചെയ്യുക. എന്നാൽ സ്വാർത്ഥതയും പരപ്രേരണയും മൂലം നാം മറിച്ചും ചെയ്യാറുണ്ട്. ഈശോയുടെ കാര്യത്തിൽ ചില യഹൂദപ്രമാണിമാർക്കു സംഭവിച്ചത് അതാണ്.

അടിച്ചമർത്തപ്പെട്ട ഭൂരിപക്ഷത്തിന്റെ വിമോചകനും നിശ്ശബ്ദരാക്കപ്പെട്ടവരുടെ വിപ്ലവ ശബ്ദവുമായിരുന്ന ഈശോ. അതിനാൽ ഭൂരിപക്ഷംപേർ ഈശോയുടെ ആരാധകരായതാണ് ഈശോയെ വകവരുത്തുവാൻ അധികാരവും സ്വാധീനവുമുള്ള ന്യൂനപക്ഷത്തെ പ്രേരിപ്പിച്ചത്. പാവപ്പെട്ടവർക്കും പാപികൾക്കും രോഗികൾക്കും അടിച്ചമർത്തപ്പെട്ടവർക്കും ഈശോ പ്രിയങ്കരനായപ്പോൾ, തങ്ങളുടെ വിമോചകനെ അവർ "ഞങ്ങളെ രക്ഷിക്കുക" എന്ന് അർത്ഥം വരുന്ന ഓശാന പാടി ആവേശത്തോടെ യഹൂദതല സ്ഥാനമായിരുന്ന ജറുസലേം ദൈവാലയത്തിലേയ്ക്ക് എതിരേറ്റു. പക്ഷേ താഴ്ന്ന വിഭാഗത്തിന്റെ സമുദ്ധാരണം ഉയർന്ന വർഗത്തിന്റെ സ്വാർത്ഥതയ്ക്കു പ്രതിബന്ധമായി. അങ്ങനെയൊരു വിമോചകനെ തങ്ങളുടെ മിശിഹായായി അംഗീകരിക്കുവാൻ അവർ തയ്യാറായില്ല. പകരം രക്ഷകനെ കലഹപ്രിയനും ദൈവദൂഷകനുമായി താറടിച്ച് ഏറ്റം നീചവും അതിദാരുണവുമായ കുരിശുമരണം അവർ നടപ്പിലാക്കി. എന്നാൽ പരാജയപ്പെട്ടത് ക്രൂശിതനല്ല, ക്രൂശിച്ചവരായി എന്ന് തിരുവുത്ഥാനം തെളിയിച്ചു.

ഈശോയുടെ പരസ്യ ജീവിതകാലത്തു ജീവിച്ചിരുന്നവരെ ഉയർന്നവരും താഴ്ന്നവരും എന്നിങ്ങനെ രണ്ടു മുഖ്യ വിഭാഗങ്ങളായി തരം തിരിക്കാം. ഫരിസേയരും സാദുക്കായരും നിയമജ്ഞരും പുരോഹിത പ്രമുഖരും മറ്റു സമ്പന്ന യഹൂദരുമാണ് ആദ്യത്തെ കൂട്ടർ. മോശയുടെ നിയമങ്ങൾ കർക്കശമായി പാലിച്ചിരുന്ന അവർ സ്വയം നീതീകരിച്ചുകൊണ്ട് താഴ്ന്ന വിഭാഗത്തെ പുച്ഛത്തോടെ കാണുകയും അവരുടെ സമുദ്ധാരണം കാംക്ഷിക്കാതിരിക്കുകയും ചെയ്തു. സ്വർഗം തങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണെന്നും നരകം മറ്റുള്ളവർക്കു സുനിശ്ചിതമാണെന്നും അവർ വിധിയെഴുതിയിരുന്നു. പാവപ്പെട്ടവരും, പരസ്യപാപികളായി ചിത്രീകരിക്കപ്പെട്ടിരുന്ന ചുങ്കക്കാരും വേശ്യകളും, പാപ ഫലമായുണ്ടായതെന്നു തെറ്റിദ്ധരിക്കപ്പെട്ടിരുന്ന കുഷ്ഠരോഗികളും തളർവാത രോഗികളും, സങ്കരവർഗമായിരുന്ന സമരിയാക്കാരും, ഇസ്രായേൽക്കാരല്ലാത്ത വിജാതീയരുമാണ് യഹൂദപ്രമുഖർ വെറുത്തിരുന്ന ബഹുഭൂരിപക്ഷം വരുന്ന താഴ്ന്ന വിഭാഗക്കാർ. ഈ സാമൂഹ്യ ദുരവസ്ഥയിൽനിന്ന് സമൂഹത്തെ വിമോചിപ്പിക്കുവാൻ ലോകത്തിലേയ്ക്കുവന്ന ദൈവപുത്രന്റെ ത്യാഗത്തിന്റെ കദനകഥയും വിജയ ഗാഥയുമാണ് വിശുദ്ധവാരത്തിൽ നാം അനുസ്മരിക്കുന്നത്.

അക്കാലത്തെ പൊതു ചിന്താഗതിക്കു വിരുദ്ധമായി, താഴ്ന്ന വിഭാഗങ്ങൾക്കൊപ്പം ഉയർന്നവരെന്നഭിമാനിക്കുന്നവർക്കും മാനസാന്തരം ആവശ്യമാണെന്നും, ദൈവരാജ്യത്തിന് എല്ലാവർക്കും അർഹതയുണ്ടെന്നും സധൈര്യം പഠിപ്പിച്ചുകൊണ്ട് ഉയർന്നവരെ വിമർശിക്കുകയും താഴ്ന്നവരുടെ സമുദ്ധാരണത്തിന് പാതയൊരുക്കുകയും ചെയ്തതാണ് പ്രമാണിമാരുടെ വെറുപ്പിനും എതിർപ്പിനും, തെറ്റിദ്ധാരണ പ്രചരിപ്പിക്കലിനും പീഢനത്തിനും കുരിശുമരണത്തിനും ഈശോയെ ഇടയാക്കിയത്. കഠോര പീഢനത്തിന്റെ ആധിക്യം കണ്ട് പിൻതിരിയാതെ പിതാവു തന്നെ ഏല്പിച്ച ദൗത്യത്തിന് മരണം വരെ സധൈര്യം സഹിച്ച് ബലിവസ്തുവും ബലിയർപ്പകനുമായപ്പോൾ ആ സഹനത്തിന്റെ തീച്ചൂളയിലേയ്ക്ക് കടന്നുവരുവാൻ ഈശോയുടെ ശിഷ്യരും പിൻതുടർച്ചക്കാരുമായി അനവധി സമർപ്പിതർ ഉടലെടുത്തു. അവരുടെ വിയർപ്പിന്റെയും കണ്ണീരിന്റെയും ചുടുനിണത്തിന്റെയും പിൻബലത്തിലാണ് ക്രൈസ്തവസഭ ലോകം മുഴുവൻ പടർന്നു പന്തലിച്ച് രക്ഷാദൗത്യം തുടരുന്നത്.

എല്ലാ ഇസ്രായേൽക്കാരെയും ഉൾപ്പെടുത്തി, ലോകജനതയെ മുഴുവൻ രക്ഷിക്കുവാനാണ് ദൈവം ആഗ്രഹിച്ചതെങ്കിലും യഹൂദ പ്രമാണിമാരുടെ സ്വാർത്ഥതയും ന്യായവാദങ്ങളും അതിനു തടസ്സമായി. അതിനാൽ എല്ലാ യഹൂദരെയും രക്ഷിക്കുവാൻ രക്ഷകനു കഴിഞ്ഞില്ല. നാമും ക്രിസ്തുവിന്റെ രക്ഷാ പദ്ധതിയോടു സഹകരിക്കാത്തപക്ഷം ദൈവരാജ്യത്തിന്റെ പൂർണ്ണതയിൽ എത്തുകയില്ല.

ഈശോയുടെ കാലത്ത് ഉയർന്നവർഗമെന്ന് ഊറ്റംകൊണ്ട് വികസനം മുടക്കികളായിരുന്നവരുടെ പുതിയ പതിപ്പുകൾ ഇന്നു നമ്മുടെ ഇടയിലുമുണ്ട്. പതിനേഴു നൂറ്റാണ്ടിന്റെ ക്നാനായ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുന്ന നമ്മിൽ ചിലർ, നമ്മുടെ പാരമ്പര്യത്തിന്റെ അന്തഃസത്ത ക്രൈസ്തവ വിശ്വാസവും, ക്നാനായ സഭാ സംവിധാനവും, നമ്മുടെ പൂർവ്വികർ പുറപ്പെട്ട കൽദായ സുറിയാനി സഭയിൽ നിന്ന് ആവിർഭവിച്ച സീറോമലബാർ ആരാധനാക്രമവുമാണെന്ന് മനസ്സിലാക്കുന്നില്ല. മോശ മലമുകളിൽ ദൈവത്തോടൊത്തായിരുന്നപ്പോൾ, സത്യദൈവത്തിനു പകരം വിജാതീയരെപ്പോലെ കാളക്കുട്ടിയുടെ സ്വർണ്ണ വിഗ്രഹമുണ്ടാക്കി ആരാധിച്ച ഇസ്രായേൽക്കാരെപ്പോലെ, സാംസ്കാരിക പരിപാടികൾക്ക് അനർഹ പ്രാധാന്യം നല്കിയും, ക്നാനായ സഭാ സംവിധാനം ഒഴിവാക്കിയും, സംഘടനാധിഷ്ഠിതം മാത്രമായൊരു ഭൗതിക സമുദായത്തെ കെട്ടിപ്പടുക്കുവാനുള്ള ശ്രമത്തിൽനിന്ന് ഇനിയും ചിലർ വിമുക്തരായിട്ടില്ല.

### നുറുങ്ങുവെട്ടം

**ലക്ഷ്യ ബോധമില്ലാതെ സമ്പത്തിൽ രക്ഷതേടിയ യൂദാസിന്റെ അന്ത്യം നമുക്ക് പാഠമാകണം.**



*(Continued from page 3)*

പത്രോസാകുന്ന പാറമേൽ പണിതുയർത്തിയ സഭയോടു ചേർന്ന്, സഭ നമുക്ക് പതിനേഴ് നൂറ്റാണ്ടായി അനുവദിച്ചു പോരുന്ന ക്നാനായ സഭാ സംവിധാനത്തിനു തടസ്സം നില്ക്കുന്നവർ ഇന്നും വടക്കേ അമേരിക്കയിലെ ചില സ്ഥലങ്ങളിൽ ഉണ്ടെന്നതു ദൗർഭാഗ്യകരമാണ്. ക്രിസ്തുവിന്റെ പരസ്യ ജീവിതകാലത്തെ പ്രമാണിമാരെപ്പോലെ നിത്യരക്ഷയുടെ പാതതെളിക്കുന്ന പ്രകാശത്തെ അണയ്ക്കുവാൻ വിഫല ശ്രമം നടത്തുകയാണവർ. ക്നാനായ പള്ളികൾ തീർക്കുവാൻ പണച്ചിലവു വന്നാലും അതുവഴി വ്യക്തികൾക്കും കുടുംബത്തിനും സമുദായത്തിനും ലഭിക്കാവുന്ന രക്ഷയും ശാന്തിയും സുസ്ഥിതിയും ഇന്നു ക്നാനായ പള്ളികളുടെ ഫലം അനുഭവിക്കുന്നവർക്കു ബോദ്ധ്യമാണ്.

വടക്കേ അമേരിക്കയിൽ സംഘടാനാധിഷ്ഠിത ക്നാനായ സംവിധാനം സഭാധിഷ്ഠിത പുനഃക്രമീകരണത്തിലൂടെ ക്നാനായ തനിമ വീണ്ടെടുക്കുമ്പോൾ നാം സംഘടനയെ ഇല്ലാതാക്കുകയോ ചെറുതാക്കുകയോ അല്ല ചെയ്യുന്നത്. മറിച്ച് സംഘടനയ്ക്കു നല്കാൻ കെല്പില്ലാത്ത ക്രിസ്തുമാർഗത്തിലൂടെയുള്ള നിത്യ രക്ഷ, നമുക്കും നമ്മുടെ വളരുന്ന തലമുറയ്ക്കും, സഭാസംവിധാനവും വിശ്വാസവും ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ അമേരിക്കൻ ഭൗതിക സംസ്കാരത്തിൽ കെട്ടിപ്പടുക്കുകയാണു നാം ചെയ്യുക. അതിന് എതിരു നില്ക്കുമ്പോൾ ക്രിസ്തുവിന്റെ സഭയെ നാം പീഢിപ്പിക്കുകയാണു ചെയ്യുന്നത്. അതിലുപരി നമ്മുടെ വരും തലമുറയുടെ ആത്മീയവും ധാർമ്മികവും സാമുദായികവുമായ വളർച്ചയ്ക്കും സുസ്ഥിതിയ്ക്കും നാം തടസ്സമാകുകയും ചെയ്യുന്നു.

വടക്കേ അമേരിക്കയിൽ ക്നാനായ റീജിയൺ വളർത്തിയെടുത്ത് നാം കൂടുതൽ മിഷനുകളും പള്ളികളും സ്ഥാപിച്ചു സഭാപരമായി വളരുമ്പോൾ പഴയ നിയമ ഘട്ടത്തിലെ ഇസ്രായേലിൽ നിന്ന് പുതിയ നിയമത്തിലെ ക്രിസ്തുമതത്തിലേയ്ക്കു കടന്നതുപോലൊരു പരിണാമത്തിനു വിധേയപ്പെടുകയാണ്. അതോടു സഹകരിക്കാത്തവരും അവരുടെ പിൻതലമുറകളും, ദൈവാലയം നഷ്ടപ്പെട്ടതിന്റെ പേരിൽ 20 നൂറ്റാണ്ടുകളായി ജറുസലേമിലെ വിലാപമതിലിൽ തലതല്ലി കരഞ്ഞ്, രക്ഷകനെ ഇനിയും കാത്തിരിക്കുന്ന ഇസ്രായേലിലെ രക്ഷ നഷ്ടപ്പെട്ട തലമുറയായി അവശേഷിക്കും.

രക്ഷയുടെ പാതയിൽനിന്ന് ജനത്തെ വഴിതെറ്റിക്കുന്നവരാൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെപ്പോലെ, രക്ഷാമാർഗത്തിനു നേതൃത്വം കൊടുക്കുന്ന സഭാ ശുശ്രൂഷകർ തെറ്റിദ്ധരിക്കപ്പെടുകയും, വെറുക്കപ്പെടുകയും, പീഢിപ്പിക്കപ്പെടുകയും ചെയ്തേക്കാം. എന്നാൽ ഉത്ഥാനവും സ്വർഗ്ഗാരോഹണവുമാണ് പിന്നീടു സംഭവിക്കുകയെന്ന പ്രത്യാശയാണു നമുക്കു ധൈര്യം പകരേണ്ടത്. സഭയോടു ചേർന്ന് ഈസ്റ്ററിന്റെ ആത്മീയാനന്ദം നമുക്ക് നുകരാം. സഭയിലെ ഏറ്റം വലിയ ഈ തിരുന്നാളിന്റെ മംഗളം ഏവർക്കും നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്


# JACOBS
## FOOD & GROCERIES

579 N. YORK RD., ELMHURST, IL – 60126

*Unbelievable Prices * Believable Quality * Come & Experience It !!*

*EASTER GREETINGS*

# *EASTER SALE …….. EASTER SALE*

BUFFALO : $3.99/lb
CATFISH : $ 2.69/lb
CHICKEN (PERDUE) : $ 1.49 /lb
GOLDEN POMPANO : $ 2.79 /lb

FRESH GOAT : *$ 3.49/lb*
FRESH PORK : *$ 1.59/lb*
WHITE CHICKEN : $ 1.29/lb



*!!!!! FIND MORE SAVINGS IN STORE !!!!!*

OPEN 7 DAYS
MON – SAT 10:00 am – 8:30 pm
SUNDAY 10:00 am – 7:00 pm

We are conveniently located near I-290 and I-294,
From I-294, take I-290 W (ROCKFORD), and YORK RD exit.
Only 1 mile from 1 -294 & 6 miles from Maywood Church.

ഒരു ക്നാനായ സ്ഥാപനം

Call for your **BBQ** Needs

*CALL AHEAD TO AVOID WAITING* **Ph:630 833 8072**

# ആത്മീയ നിറവിൽ വീണ്ടുമൊരു ദു:ഖവെള്ളി

- ലൈസ്സൻ ചങ്ങും മൂലയിൽ

2007 ഏപ്രിൽ 6 വെള്ളിയാഴ്ച; സ്വന്തമായി പള്ളി വാങ്ങിയതിനുശേഷമുള്ള നമ്മുടെ ആദ്യത്തെ ദു:ഖവെള്ളിയാചരണം അന്നായിരുന്നു. *കഴിയുമെങ്കിലീ പാനപാത്രമെൻ പ്രിയതാതാ മാറ്റിതരണമെ* എന്ന പ്രാർത്ഥനാഗാനം ഗായകസംഘത്തോടൊപ്പം പാടിക്കൊണ്ട്, ദൈവാലയത്തിൽ തിങ്ങിനിറഞ്ഞ ഇടവക ജനത്തെ സാക്ഷിയാക്കി, അൾത്താരയുടെ മുന്നിൽ സാഷ്ടാഗം വീണ്, ഇടവകജനങ്ങളുടെ വേദന സ്വയം ഏറ്റെടുത്ത്, ആ വേദന തന്റെ വേദനയോട് ചേർത്ത് വെച്ച് പിതാവായ ദൈവത്തിന് നമ്മുടെ വികാരിയച്ചൻ സമർപ്പിച്ചപ്പോൾ, മനസ്സിൽ നിന്നും ഒരിക്കലും മായാത്ത വികാരനിർഭരമായ ഒരു ദു:ഖവെള്ളിയായി അത് മാറി.

ആ നിമിഷം മുതൽ ഇന്നുവരെ മെയ്‌വുഡ് പള്ളിയുടെ വളർച്ച വിസ്മയനീയമാണ്. ആത്മീയതയ്ക്ക് മുൻ തൂക്കം നല്കി നടത്തിയ എല്ലാ പ്രവർത്തനങ്ങളും അങ്ങേയറ്റം ദൈവാനുഗ്രഹപ്രദമായിരുന്നു. ഇടവക ജനങ്ങളിൽ ആദ്ധ്യാത്മിക ഉണർവ്വ് ഉണ്ടാകുവാൻ ഉതകത്തക്ക രീതിയിൽ പ്രഗത്ഭരായ വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, ആല്മായരുടെയും ധ്യാനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വികാരിയച്ചനും പ്രാർത്ഥനാഗ്രൂപ്പുകാരും നടത്തിയ പ്രവർത്തനങ്ങൾ ഈ സമുദായത്തിന്റെ സമൂലമാറ്റത്തിനു വഴി തെളിച്ചിരിക്കുകയാണ്. ഇസ്രായേൽക്കാരെ സ്വന്തം ജനമായി ദൈവം തെരഞ്ഞെടുത്തതുപോലെ നമ്മുടെ സമുദായത്തെയും ദൈവം തെരഞ്ഞെടുത്തിരിക്കുന്നു.

നമ്മിൽ പലരും പറയുന്നതു കേട്ടിട്ടുണ്ട് മെയ്‌വുഡ് പള്ളി വന്നതിൽ പിന്നെയാണ് ധ്യാനങ്ങളിൽ സംബന്ധിക്കാനും, അതിലൂടെ കൂടുതൽ ദൈവവചനം അറിയുവാനും ദൈവ സ്നേഹം അനുഭവിക്കാനും സാധിച്ചതെന്ന്.

ഈ നോയമ്പുകാലത്ത് ബഹുമാനപ്പെട്ട സോയി അച്ചൻ നയിച്ച ധ്യാനം ഇടവകാഗംങ്ങളെ സംബന്ധിച്ചിടത്തോളം ഒരനുഭവമായി മാറുകയായിരുന്നു. കുടുംബജീവിതത്തെക്കുറിച്ചും പാപബന്ധനങ്ങളെക്കുറിച്ചും വളരെ മനോഹരമായി അച്ചനിലൂടെ ദൈവം നമ്മോട് സംസാരിക്കുകയായിരുന്നു. ഞായറാഴ്ച വൈകുന്നേരം സമാപനപ്രാർത്ഥനയും ആരാധനയും കഴിഞ്ഞിറങ്ങിയ ഇടവക ജനത്തിന്റെ മനസ്സിലും മുഖത്തും ശക്തമായ വേനൽ മഴയ്ക്ക് ശേഷമുള്ള കുളിർമ്മയും ആനന്ദവും പ്രകടമായിരുന്നു.

ഇതാ വീണ്ടുമൊരു ദു:ഖവെള്ളികൂടി കടന്നുവരുന്നു. ഈ വലിയ നോയമ്പിന്റെ പരിസമാപ്തിയിൽ നാം എത്തിനില്ക്കുമ്പോൾ നമുക്ക് ദൈവത്തിന് നന്ദിപറയാം: നമ്മുടെ ഇടവകയെ ഓർത്ത്, നമ്മുടെ വൈദികരെ ഓർത്ത്, നമ്മുടെ കുടുംബങ്ങളെ ഓർത്ത്. നമ്മുടെ കുഞ്ഞുങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കാം. പീഡാനുഭവത്തിന്റെ ദു:ഖകരമായ നിമിഷങ്ങളുടെ ഹൃദയവേദനയുമായി ഗെത്സെമനിൽ പിതാവായ ദൈവത്തോട് ഈശോ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം, *എങ്കിലും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.*

## Seminars by St. Mary's Religious Education School at OLV School On Sunday April 18, 2010

***Youth and Teen Ministry Seminar***

**By Rev. Fr. Roy Kaduppil**

At 1:30 P.M.

***Children's Ministry Seminar***

**By Thomas Aluparambil and Team**

At 1:30 P.M.

***Class for parents of First Holy Communion Students***

**By Rev. Fr. Roy Kaduppil**

At 4:00 P.M.

## For Favors Received



- Mathew Keezhangattu & Family

## മോർട്ടൻ ഗ്രോവ് ഹാൾ ബുക്കിംഗ്

സെന്റ് മേരീസ് പള്ളിയുടെ മോർട്ടൻ ഗ്രോവിലെ ഹോൾ ജൂൺ ഒന്നു മുതൽ വിവിധ പരിപാടികൾക്ക് മിതമായ നിരക്കിൽ ലഭ്യമാണ്. ബുക്കിംഗിന് ബിജു കിഴക്കേക്കുറ്റിനെ വിളിക്കുക.

773-255-9777.



## സീറോമലബാർ സഭാ പഞ്ചാംഗം

ഏപ്രിൽ 1 പെസഹാവ്യാഴം
പുറ 12:1-20 യഹൂദരുടെ പെസഹാ ആചരണം
1 കോറി 11:23-25 തിരുവത്താഴം
മത്താ 26:1-5,14-30 പുതിയ ഉടമ്പടി

ഏപ്രിൽ 2 പീഡാനുഭവ വെള്ളി -
ഇന്ന് ഉപവാസം, മാംസവർജ്ജനം
ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ചരമം (2005)
(വിശുദ്ധ നാട് സംരക്ഷണ ഫണ്ട്)
ദാനി 9:20-27 പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുക
ഗലാ 2:17-3:14 നീതീകരണം വിശ്വാസം വഴി
ലൂക്കാ 22:63-23:12+മത്താ 27:19+ലൂക്കാ 23:13-23+മത്താ 27:24-25+ലൂക്കാ23:24-45+മത്താ27:51-54+യോഹ 19:23-42

ഏപ്രിൽ 3 വലിയ ശനി
യോനാ 2:1-10 മൂന്നു രാപകലുകൾ യോനാ മത്സ്യത്തിന്റെ ഉദരത്തിൽ
1 കോറി 1:18-31 കുരിശിന്റെ ഭോഷത്തം
മത്താ 27:62-66 ഈശോയുടെ കല്ലറയ്ക്കു കാവൽ

ഏപ്രിൽ 4 ഉയിർപ്പു തിരുന്നാൾ ഉയിർപ്പ് ഒന്നാം ഞായർ
ഏശയ്യാ 60:1-7 കർത്താവിന്റെ മഹത്വം ഓർശ്ലേമിൽ
1 സാമുവേൽ 2:1-10 കർത്താവിൽ ആനന്ദിക്കുവിൻ.
റോമാ 5:20-6:23 മിശിഹായിൽ നവ ജീവിതം
മത്താ 28:1-20 ഈശോയുടെ ഉത്ഥാനം.

ഏപ്രിൽ 5 തിങ്കൾ
ശ്ലീഹ. നട 2:14-36 ( 2:22-36) ഈശോ ഉയിർത്തെഴുന്നേറ്റു
യോഹ 14:18-15:5 (14:18-28)റൂഹാദക്കുദിശായെ വാഗ്ദാനം ചെയ്യുന്ന ഈശോ.

ഏപ്രിൽ 6 ചൊവ്വ
1 കോറി 15:1-19( 15:12-19) മരിച്ചവരുടെ ഉത്ഥാനം
ലൂക്കാ 24:13-35 എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ

ഏപ്രിൽ 7 ബുധൻ
ശ്ലീഹ. നട 4:23-31 പ്രാർത്ഥനയിലൂടെ ശക്തിനേടുന്ന വിശ്വാസികൾ
യോഹ 15:1-25 (15:1-10) മിശിഹായിൽ വസിക്കുക

ഏപ്രിൽ 8 വ്യാഴം
കൊളോ 2:8-3:4 (2:9-15) ദൈവം അവനെ ഉയിർപ്പിച്ചു
മത്താ 10:1-15 (10:5-15) ശ്ലീഹന്മാരെ അയയ്ക്കുന്നു

ഏപ്രിൽ 9 വെള്ളി സകല വിശുദ്ധരുടെയും തിരുനാൾ
ശ്ലീഹ. നട 6:8-7:10 ഈശോയുടെ ജീവിത മാതൃക വിശുദ്ധരിൽ
ഹെബ്രാ 11:3-10 അബ്രാഹത്തിന്റെ വിശ്വാസം
മത്താ 10:16-33 നിർഭയം സാക്ഷ്യം വഹിക്കുക

ഏപ്രിൽ 10 ശനി
കൊളോ 3:1-4 അവനോടൊപ്പം നമുക്കും മഹത്വം
മർക്കോ 16:1-8 ഈശോയുടെ പുനരുത്ഥാനം

ഏപ്രിൽ 11 ഞായർ + പുതുഞായർ (ഉയിർപ്പ് രണ്ടാം ഞായർ)
ശ്ലീഹ. നട 4:32-5:11 (4:32-37) ഐക്യവും ഔദാര്യവും നിറഞ്ഞ മെശയാനിക സമൂഹം
കൊളോ 1:1-20(1:12-20) സൃഷ്ടികളുടെ മകുടമായ മിശിഹാ
യോഹ 20:19-31(20:19-29) തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം

**READINGS & READERS** — പെസഹാവ്യാഴം

| April 1 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Exodus 12:1-20 | Sunny Mutholam | NA | Shiney Tharathattel |
| 2nd Reading | Malachi 1:10-14 | Dolly Puthenpurayil | NA | Suma Aikkaraparampil |

**READINGS & READERS** — പീഡാനുഭവ വെള്ളി - ഇന്ന് ഉപവാസം, മാംസവർജ്ജനം

| April 2 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Genesis 22:1-19 | Neena Kunnathukizhakkethil | NA | NA |
| 2nd Reading | Isaiah 52:13-53:9 | Anina Mukalel | NA | NA |

**READINGS & READERS** — ഉയിർപ്പു തിരുന്നാൾ (ഉയിർപ്പ് ഒന്നാം ഞായർ)

| April 3/4 | PASSAGE | AT MAYWOOD | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Isaiah 60:1-7 | Simon Kattappuram | NA | Suby Thekkumkattil |
| 2nd Reading | 1 Samuel 2:1-10 | Thresiamma Mathew | NA | Thampy Viruthikulangara |

**READINGS & READERS** — ഉയിർപ്പ് രണ്ടാം ഞായർ

| April 11 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Acts 4:32-37 | TBA | TBA | TBA |
| 2nd Reading | Colossians 1:12-20 | TBA | TBA | TBA |

# Remembrance Bishop's Visit by 2nd Graders

***Here is the reflection of second graders of Sacred Heart School on the day Bishop Mar Jacob Angadiath spent with them.***



## *Mekha Vanchiyil*

January 31st Sunday was very special for me. When I got into the church that day, I saw our bishop in the church. He came to the second grade class around 10.00 A.M. We were so lucky to meet the bishop in our class room. Bishop was our teacher for that day. He was talking about Jesus and commandments. I enjoyed the class. After the class, we got certificates and gifts for the exam from the bishop. We kissed Bishop's ring. All teachers were present in the class and we had a great time with the bishop. After the Holy Mass we had lunch with the bishop. We signed a big card and give to the bishop. I had a fabulous time in meeting the bishop. I thank God and my teachers for this great event.



## *Christy Kothaladiyil*

January 31st was a memorable day for us. That was the day Bishop Mar Jacob Angadiath spent time with all my classmates who are receiving Holy Communion. Bishop told us about reconciliation. He taught us a prayer before confession asking forgiveness for our sins. Bishop also told us that the priest who hears our sins will not tell our sins to anyone. Priest forgives our sins for Jesus. I felt great. Bishop told us a story about a king who wanted to know about his wife's sins from a priest. Then he did a quiz on Ten Commandments. He told us to pray for all people. He also told us that we belong to Syro-Malabar Diocese of Chicago. There are lots of churches under this diocese including our church. Bishop sends Fr. Abraham Mutholath as our priest. Then it was my turn to talk about my patron saint as part of a Show and Tell program. We were lucky to attend the Bishop's Holy Mass in English. We also had lunch with bishop, priests, teachers, and parents. It was really an exciting day.

| OFFERINGS | Mar. 21 |
|---|---|
| **ST. MARY'S:** Regular Offering | 506.00 |
| Women Ministry | 1,402.00 |
| Building Fund | 4,000.00 |
| **TOTAL ST. MARY'S** | **5,908.00** |
| Regular Offering | 1,240.00 |
| English Mass | 117.00 |
| Guadalupe Shrine | 340.00 |
| St. Joseph Feast | 220.00 |
| Pre-Marriage Course | 1,312.00 |
| Souvenir Advertisement | 900.00 |
| Building Fund | 610.00 |
| Bulletin Advertisement | 820.00 |
| **TOTAL MAYWOOD** | **5,559.00** |
| Agape Store (Charity) | 72.00 |
| Sponsor Seminarian Program | 250.00 |
| Sunday Bulletin Donation | 175.00 |
| **AGAPE TOTAL** | **497.00** |
| **THANK YOU FOR YOUR SUPPORT** | |

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

Math Tutoring
**(5th Grade - 12th Grade students)**
**Classes will be given by Shillymol Sabu having Illinois Teaching License with 7 years experience in teaching Math in Illinois.**

**Shillymol Sabu**
**847-918-0242 or 847-769-3176**
**1600 Dempster St, Suite-205, Park Ridge, IL-60068**
**(Opposite to Lutheran Hospital).**

**Tax Services /**
**Mortgage Services**
**Sabu Madathiparambil**

Cell: 847-276-7354/ 847-918-0242
sabuaphilip@hotmail.com
1600, Dempster St. Suite-205,
Park Ridge, IL-60068.
(Opp. to Lutheran General Hospital).
Illinois Residential Mortgage Licensee
Professional Mortgage Solutions, Inc
EQUAL HOUSING LENDER
PMSI

**WALDEN CAR CARE CENTER**
***Auto Repair With Personal Care***
**ALEX THECCANAT**
**Mon-Fri 8AM SAT 8AM to 3PM**

**1601 East Algonquin Road**
**Schaumburg, (847) 397-2244**
**Cell: (847) 962-4153**
**Brakes, Tune up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.**

*Your Rehab Specialists*

**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
CHOICE CARE Home Health Inc.
Best Compliments from the Mutholath Family

